# 6

# ദൈവം വളരെ നല്ലവൻ!

## (3:22- 39)

മദ്ധ്യവയസായ ഒരു സ്ത്രീക്ക് അർബ്ബുദവ്യാധിയാണെന്ന് പരിശോധന യിൽ കത്തെി. നിശ്ചയിക്കപ്പെട്ട ചികിൽസ ശസ്ത്രക്രിയയും തുടർന്ന് കീമോ തെറാപ്പിയുമായിരുന്നു. ശസ്ത്രക്രിയക്ക്ശേഷം അവൾ ബോധം വന്നശേഷം പരിചരിക്കുന്നതിനായി ആസ്പത്രി മുറിയിലേക്ക് കൊുവന്നു. കുറെ കഴിഞ്ഞ പ്പോൾ അവൾ പതുക്കെ കണ്ണുതുറന്നു. അപ്പോൾ അവൾ തന്റെ കുടുംബാംഗ ങ്ങൾ നിൽക്കുന്നതുക്, പുഞ്ചിരിയോടെ പറഞ്ഞു, "ദൈവം നല്ലവൻ അല്ലേ?"

യിരെമ്യാവ് 3:1-18 ൽ, പ്രത്യാശയില്ലെന്ന് തോന്നിയിട്ടായിരുന്നു അവന്റെ വിട്ട്നിൽപ്; അവന്റെ വേദന വിവരിക്കുവാനാകാത്തതായിരുന്നു. ദൈവത്തെ ഇപ്പോഴുള്ള യാഥാർത്ഥ്യത്തിനു പകരം, പുള്ള ഒരോർമ്മ എന്ന നിലയിലാണ് ആ വാക്കുകൾ സൂചിപ്പിക്കുന്നത്. "ഇതെല്ലാം സംഭവിച്ചപ്പോൾ ദൈവം എവി ടെയായിരുന്നു?" എന്ന ധ്വനിയാണ് പ്രവാചകന്റെ വേദന പ്രകടിപ്പിച്ചതിലു യിരുന്നത്.

പർവ്വതശിഖരത്തിലെത്തുന്നതായിരുന്നു മൂന്നാമത്തെ വിലാപമദ്ധ്യ ഭാഗം. വേദനയുടെ താഴ്വരയിൽനിന്ന് കയറി വേദനയുടെ നിരാശയിലേക്ക് ഉയർന്നപ്പോൾ, യിരെമ്യാവ് മുകളിലേക്ക് നോക്കുകയും യഹോവയെ കാണു കയും ചെയ്തു. ദൈവം അവിടെ എല്ലായ്പോഴും ഉായിരുന്നു. കുഴപ്പം പിടിച്ച എല്ലാ സാഹചര്യങ്ങളിലും അതിനു ചുറ്റും അവൻ ഉായിരുന്നു. ആ സംഭവങ്ങ ളൊന്നും ദൈവം ശ്രദ്ധിക്കാതിരുന്നില്ല. യിരെമ്യാവ് അവനെ ദൂരെ കപ്പോൾ, അവൻ ഒന്നും നിരീക്ഷിക്കാതെയിരുന്നില്ല, മറിച്ച് യിരെമ്യാവ് അപ്പോഴൊന്നും ദൈവസാന്നിധ്യം അറിഞ്ഞില്ല. ദൈവസാന്നിധ്യം അവസാനം അറിഞ്ഞതു കൊ്, യിരെമ്യാവിനും യെഹൂദജനത്തിനും പ്രത്യാശ ലഭിച്ചു.

എല്ലാ ബൈബിൾ കഥകളിലും സംഭവങ്ങളിലുമെന്നപോലെ, യിരെമ്യാ വിന്റെ വിലാപങ്ങൾ യെഹൂദ്യയുടെ വേദനയേക്കാൾ ദൈവസ്വഭാവത്തെ കുറിച്ചാണ് യിരെമ്യാവിന്റെ വിലാപങ്ങൾ പറയുന്നത്. യെഹൂദ്യയുടെ വേദന പുറകിൽ വീഴുന്ന തുള്ളിപോലെയായിരുന്നു, ദൈവത്തിന്റെ സ്വഭാവം വെളി പ്പെടുത്തുന്ന ഒന്നായിരുന്നു. യിരെമ്യാവിനെ കുഴപ്പത്തിലാക്കിയ സംഭവങ്ങളെ നാം കൂടുതൽ അറിയുന്നതോടെ, നാം ദൈവത്തെ കൂടുതലായി കാണും. ദൈവം ആരാണെന്നും, നമുക്ക് അവനോടുള്ള പ്രതികരണം എങ്ങനെയായി രിക്കണം എന്നും പറയുകയാണ് വിലാപങ്ങൾ 3:22-39.

### ദൈവത്തിന്റെ നാല് ഗുണങ്ങൾ

മനോഹരവും ആശ്വസിപ്പിക്കുന്നതുമായ നാലു കാര്യങ്ങളിൽ യിരെമ്യാ വിനു ലഭിച്ച ദൈവസ്വഭാവത്തിന്റെ വശങ്ങൾ ചുരുക്കി പറഞ്ഞിരിക്കുകയാണ് 3:22-25:

നാം മുടിഞ്ഞുപോകാതിരിക്കുന്നത് യഹോവയുടെ ദയ ആകുന്നു,

> അവന്റെ കരുണ തീർന്നുപോയിട്ടില്ലല്ലൊ. അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്തത വലിയതുമാകുന്നു. "യഹോവ എന്റെ ഓഹരി," എന്നു എന്റെ ഉള്ളം പറയുന്നു, അതുകൊ്, "ഞാൻ അവനിൽ പ്രത്യാശ വെക്കുന്നു." തന്നെ കാത്തിരിക്കുന്നവർക്കും തന്നെ അന്വേഷിക്കുന്നവർക്കും യഹോവ നല്ലവൻ.

ആദ്യത്തേത് ദയ ആകുന്നു. "യഹോവയുടെ ദയ തീർന്നു പോയിട്ടില്ല" (വാ.22). "ദയ" എന്നതിന്റെ എബ്രായ വാക്ക് ഒറ്റ ഇംഗ്ലീഷ് വാക്കിൽ തർജിമ ചെയ്യുവാൻ പ്രയാസമാണ്. പുതിയനിയമത്തിൽ ചിലപ്പോൾ "കൃപ" എന്ന വാക്കിനും അത് ഉപയോഗിക്കയും "കരുണ" എന്ന് തർജിമ ചെയ്തിട്ടുമു്.

ശിക്ഷിക്കേിവരുമ്പോൾ ദൈവം തന്റെ കരുണ പിൻവലിക്കും. ശിക്ഷയുടെ തോത് കുറക്കുന്നത് അവന്റെ കരുണ നിമിത്തമാണ്, അതിനാൽ അവസാനം പറയും, "മതി!" ആളുകൾക്ക് യോഗ്യമായത് ലഭിക്കണമെന്നാണ് നീതി പറയുന്നത്. ശിക്ഷ സഹിക്കാവുന്നതാകുന്നത്, കരുണ നീതിയെ അതിർത്തിക്കുള്ളിൽ നിർത്തുമ്പോഴാണ്. നീതിക്ക് യോഗ്യമായി വേദനാപൂർവ്വമായ സന്ദർഭത്തിൽനിന്നു പുറത്തുവരുമാറാക്കുന്നത് ദൈവകരുണയാലാണ്, അവൻ ന്യായത്തോടും സ്നേഹത്തോടുമാണ് തന്റെ നീതി നടപ്പാക്കുന്നത് എന്നു അതിൽകുടെ വെളിപ്പെടുത്തുന്നു. നീതിയിൽ പോലും, ദൈവം അന്വേഷിക്കുന്നത് നമ്മുടെ ഏറ്റവും വലിയ ഉയർച്ചയാണ്. ദൈവം നല്ലവനല്ലേ?

രാമത്തേത് മനസലിവാണ്: "അവന്റെ മനസലിവ് ഒരിക്കലും പരാജയപ്പെടുകയില്ല" (വാ.22). "മനസലിവ്" എന്നതും നിർവ്വചിക്കുവാൻ വിഷമമാണ്. കരുണയുടെ അർത്ഥവ്യാപ്തി വിപുലപ്പെടുത്തുന്നതാണ് അത്. കഷ്ടതയിൽ നിസഹായരായവരോട് കാണിക്കുന്ന സഹതാപാർദ്രമായ സ്നേഹമാണ് മനസലിവ്. ചിലപ്പോൾ "കരുണക്കും" "മനസലിവിനും" പരസ്പരം ഒരേ വാക്ക് തർജിമ ചെയ്തിട്ടു്; അത് മാറി മാറി ഉപയോഗിച്ചിട്ടു്. കരുണയിൽ പ്രവൃത്തിയും ഉൾപ്പെടുന്നു, എന്നാൽ മനസലിവ് കൂടുതലും വൈകാരികമാണ്. കരുണ കാണിക്കുന്നതിനുള്ള കാരണം മനസലിവാണ്. ദൈവത്തിന്റെ അവസാനിക്കാത്ത സ്നേഹവും ദീർഘക്ഷാന്തിയും പ്രകടിപ്പിക്കുന്ന വാക്കുകളാണ് രും.

ഓരോ പ്രഭാതത്തിലും ദൈവത്തിന്റെ കരുണയുടേയും മനസലിവിന്റേയും തെളിവുകൾ പുതുക്കിക്കൊിരിക്കും. ഓരോ പ്രഭാതത്തിലും, അവ പുതുക്കമുള്ളതായിരിക്കും. സൂര്യൻ ഓരോ പുതിയ ദിവസം കൊുവരുന്നതുപോലെ, ദൈവത്തിന്റെ ദയ ദൈവജനത്തെ വന്ദനം ചെയ്യുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. എല്ലാ പ്രഭാതത്തിലും? ഓ! ദൈവത്തിന്റെ കരുണ ഒരിക്കലും തീർന്നുപോകയില്ല; അത് ഓരോ ദിവസവും വീും ആരംഭിക്കുന്നു (യെശയ്യാവ് 33:2 നോക്കുക.).

പട്ടണത്തിൽ താമസിച്ചിരുന്ന ഒരു ചെറിയ കുട്ടി ഓരോ വേനൽക്കാലത്തും അവന്റെ മുത്തച്ഛന്റെ കൃഷിസ്ഥലത്ത് പോകുമായിരുന്നു. അവൻ പുറത്തുപോയി പകൽ മുഴുവൻ കളിക്കുകയും, കുന്നുകളിൽ കയറുകയും ഇറങ്ങുകയും, കുളത്തിൽനിന്ന് മീൻ പിടിക്കുകയും, അരുവിയിൽ നീന്തുകയും ചെയ്യും. പശുക്കളെ കറക്കുന്നതിനും, മുട്ടകൾ പെറുക്കി കൂട്ടുന്നതിനും കന്നുകാലികൾക്ക് തീറ്റ കൊടുക്കുവാനും മുത്തച്ഛനെ അവൻ സഹായിച്ചിരുന്നു. രാത്രിയാകുന്നത് അവൻ ഭയപ്പെട്ടിരുന്നു, മടിയോടുകൂടെയായിരുന്നു അവൻ

കിടക്കയിലേക്ക് പോയിരുന്നത്. കാഴ്ച്ചകൾ കാണുന്നതിലോ, കാർഷിക പ്രവർത്തികളിലോ അവന് ഒരിക്കലും മടുപ്പ് തോന്നിയിരുന്നില്ല. ഓരോ രാവിലെയും, അവൻ കിടക്കയിൽനിന്ന് ചാടി എഴുന്നേറ്റ് ജനലിൽകൂടെ നോക്കി സൂര്യപ്രകാശം കാണുമ്പോൾ അവൻ പറയും, "ആഹാ!" അവൻ പെട്ടെന്ന് ഡ്രസ് മാറി പുതിയ ദിവസത്തിനായി പുറത്തേക്ക് ഓടും.

ഓരോ ദിവസവും "ആഹാ!" എന്നു പറഞ്ഞു പുതുതായി ജീവിതം ആരംഭിക്കുവാൻ, ദൈവത്തിന്റെ കരുണയിൽ നാം വിശ്വസിക്കണം. അതേ, ദൈവം വളരെ നല്ലവൻ ആണ്.

അടുത്തത് നാം വിശ്വസ്തത കാണുന്നു: "നിന്റെ വിശ്വസ്തത വലിയത് ആകുന്നു" (വാ.23). വിശ്വസ്തത ദൈവത്തിന്റെ മാഹാത്മ്യത്തെ വർദ്ധിപ്പിച്ച് അവനെ ഒരു പടികൂടി ഉയർത്തുന്നു. നിങ്ങൾക്ക് അവനെ ആശ്രയിക്കാം. അവൻ അവിടെ ഉാകുമെന്നവണ്ണം നിങ്ങളുടെ വിശ്വാസം അവനിൽ പൂർണ്ണമായി അർപ്പിക്കാം. ദൈവം തികച്ചും വിശ്വസ്തനും, കരുണയും മനസലിവും കാണിക്കുന്നവനുമാണെന്നതിനേക്കാൾ നമ്മെ ഉറപ്പിക്കുന്നത് മറ്റെന്താണ്? അവൻ തന്റെ വാഗ്ദാനം നിറവേറ്റും. അവൻ എങ്ങനെയാണോ, എപ്പോഴും അങ്ങനെതന്നെയായിരിക്കും; അവൻ ആയിരിക്കുന്നതിനേക്കാൾ കൂടുതലാകുവാനോ, കുറവാകുവാനോ കഴിയുകയില്ല, കാരണം അവൻ പൂർണ്ണനാണ്.

ഏറ്റവും വലിയ ക്രിസ്തീയ കീർത്തനങ്ങളിൽ ഒന്നാണ് വാക്യം 22 മുതൽ 24 വരെ:

> നാം മുടിഞ്ഞുപോകാതിരിക്കുന്നത് യഹോവയുടെ ദയ ആകുന്നു.
> അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലൊ,
> അതു രാവിലെ തോറും വലിയതും
> നിന്റെ വിശ്വസ്ത വലിയതും ആകുന്നു.
> യഹോവ എന്റെ ഓഹരി എന്ന് എന്റെ ഉള്ളം പറയുന്നു,
> അതുകൊ് ഞാൻ അവനിൽ പ്രത്യാശ വെക്കുന്നു.[2]

അവസാനത്തേത് നന്മയാണ്: "യഹോവ നല്ലവൻ" (വാ.25). മുൻപറഞ്ഞ മൂന്നു ഗുണങ്ങളും അവന്റെ നന്മയെ സാക്ഷ്യപ്പെടുത്തുന്നതാണ്. നന്മഅടിസ്ഥാനപരമാണ്, തന്റെ സൃഷ്ടിയോട് ദൈവത്തിനുള്ള തോന്നലും മൊത്തം പ്രവൃത്തിയുമാണ് അത്. മാനസാന്തരപ്പെടുവാനുള്ള ഉത്തേജനമാണ് നന്മയെന്നു പൗലോസ് പറയുകയും, അവന്റെ ദയ, ദീർഘക്ഷാന്തി, ക്ഷമ എന്നിവ നിരസിക്കരുത് എന്ന് മുന്നറിയിച്ചിരിക്കുന്നു (റോമർ 2:4). ദൈവത്തിന്റെ ദയവിൽ തുടർച്ചയായി ജീവിക്കേിന് ദൈവത്തിന്റെ ദയവും, കർക്കശവും തമ്മിലുള്ള അന്തരം അവൻ പഠിപ്പിച്ചിട്ടു് (റോമർ 11:22).

ദൈവത്തിന്റെ ഏറ്റവും വലിയ ഗുണമായ പ്രത്യാശ നൽകിയതുകൊാണ് യിരമ്യാവ് പറയുന്നത്, "യഹോവ എന്റെ ഓഹരി" (വാ.24). സാധാരണ, "ഓഹരി" എന്ന വാക്ക് അവകാശത്തെ ആണ് സൂചിപ്പിക്കുന്നത്. സംഖ്യാപുസ്കം 18:20-ൽ, ലേവ്യാപുരോഹിതനായിരുന്ന അഹരോനോട് ദൈവം പറഞ്ഞു, മറ്റു ഗോത്രക്കാർക്കുള്ളതുപോലെ നിങ്ങൾക്ക് ദേശത്ത് ഓഹരിയോ, അവകാശമോ ഉായിരിക്കുന്നതല്ല. ദൈവം അവനോട് പറഞ്ഞു, "ഞാൻ നിങ്ങളുടെ ഓഹരിയും അവകാശവും ആകുന്നു."

ഒരു സമയത്ത്, ഏറ്റവും ആവശ്യമായ പ്രാഥമികമായവ പ്രായോഗിക

മായി ഇല്ലായിരുന്നു, യഹോവ തന്റെ ഓഹരിയാണെന്നതിൽ യിരെമ്യാവ് തൃപ്തനായിരുന്നു. ദൈവം അവന്റെ അവകാശമായിരുന്നു - അവന്റെ അപ്പവും, വസ്ത്രവും, പാർപ്പിടവും, അവന്റെ എല്ലാം ആയിരുന്നു.

തുടർന്നുള്ള വാക്യങ്ങളിൽ, ദൈവം ആരാണെന്നും അവനോട് പ്രതികരിക്കേണ്ടതെങ്ങനെ എന്നും യിരെമ്യാവ് കാണിച്ചുതരികയാണ്.

## ദൈവം എന്തു ചെയ്യുകയില്ല

നേരെ എതിരായത് ചിന്തിച്ചാലായിരിക്കും, അല്ലെങ്കിൽ അന്തരമുള്ള പശ്ചാത്തലത്തിന് എതിരായി നോക്കുമ്പോഴായിരിക്കും, ചിലപ്പോൾ ശരിയായ രീതിയിൽ സത്യം മനസിലാക്കുവാൻ സാധിക്കുക. നാം എങ്ങനെ പ്രതികരിക്കണം എന്നറിയുവാൻ വാക്യം 25 മുതൽ 30 വരെ നോക്കുന്നതിന് മുൻപ്, ദൈവം എന്തു ചെയ്യുക ഇല്ല എന്ന് നമുക്ക് നോക്കാം.

> കർത്താവ് എന്നേക്കും തള്ളിക്കളയുകയില്ലല്ലൊ, അവൻ ദുഃഖിപ്പിച്ചാലും, തന്റെ മഹാ ദയക്ക് ഒത്തവണ്ണം അവന്നു കരുണ തോന്നും. മനസോടെയല്ലല്ലൊ അവൻ മനുഷ്യപുത്രന്മാരെ ദുഃഖിപ്പിച്ചു വ്യസനിപ്പിക്കുന്നത്. ഭൂമിയിലുള്ള സകലബദ്ധന്മാരെയും കാൽക്കീഴിട്ടു മെതിക്കുന്നതും, അത്യുന്നതന്റെ സന്നിധിയിൽ മനുഷ്യന്റെ ജ്ഞാനം മറിച്ചുകളയുന്നതും, മനുഷ്യനെ വ്യവ - ഹാരത്തിൽ തെറ്റിച്ചുകളയുന്നതും കർത്താവ് കാണുകയില്ലയോ (3:31-36).

ആളുകൾ പലപ്പോഴും പ്രതീക്ഷിക്കുന്നത് ദൈവം അവരെപ്പോലെ ആകുവാനാണ്. തങ്ങൾക്ക് ബോധിച്ചപ്രകാരം ആളുകൾ ചെയ്തിട്ട് ഒരു സാഹചര്യത്തിൽ ദൈവം അങ്ങനെതന്നെ ചെയ്യണമെന്നാണ് അവരുടെ ആഗ്രഹം. ദൈവം മനുഷ്യനല്ല, തന്റെ ജനത്തോട് മറ്റുള്ളവർ ചെയ്യുന്നതുപോലെ ദൈവം ചെയ്യുവാൻ പ്രതീക്ഷിക്കയുമരുത്. ദൈവത്തിന്റെ ശിക്ഷ പരുഷമാണെന്നായിരുന്നു യെഹൂദ്യയിലെ ജനം കരുതിയത്. ദൈവം അവരോട് മോശമായി പെരുമാറുന്നു എന്നു കുറ്റം ആരോപിക്കുവാൻ പോലും അവർ തയ്യാറായി. യിരെമ്യാവ് രേഖ ശരിയാക്കി: "ഇവക്കൊന്നിനും കർത്താവിന്റെ അംഗീകാരം ഇല്ലായിരുന്നു" (വാ.36). ദൈവം നല്ലവൻ ആണെന്ന് യിരെമ്യാവിന്റെ പ്രസ്താവനകൾ തെളിയിക്കുന്നു.

*"യഹോവ എന്നേക്കും തള്ളിക്കളയുകയില്ല" (വാ.31).* ദൈവത്തിന്റെ ശിക്ഷണം താൽക്കാലികമാണ്.തന്റെ ജനത്തിൽനിന്ന് എന്നേക്കും പുറന്തിരിഞ്ഞു നിൽപാൻ ദൈവസ്വഭാവത്തിന് കഴിയുകയില്ല. അവന്റെ ദയയും മനസലിവും നിമിത്തം, അച്ചടക്കം ചുരുങ്ങിയ സമയത്തേക്കായിരിക്കും. ശിക്ഷണത്തിന് മാത്രം ദൈവജനം കഷ്ടത ഏല്ക്കുകയാണെങ്കിലും, അത് അവരുടെ പ്രയോജനത്തിനാണ്. എത്രത്തോളം ശിക്ഷിക്കണമെന്നും, എപ്പോൾ നിർത്തണമെന്നും അവന് നന്നായി അറിയാം.

*"അവൻ മനസോടെ വ്യസനിപ്പിക്കയില്ല" (വാ.33).* "മനസോടെ" എന്നതിനുള്ള എബ്രായ വാക്ക് അർത്ഥമാക്കുന്നത് "ഹൃദയംഗമമായി" എന്നാണ്.[3] തന്റെ ജനം വ്യസനിക്കുന്നതു കാണുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. വാസ്തവത്തിലുള്ള സ്നേഹമാണ് അതിൽ പ്രത്യക്ഷമാകുന്നത്. അവന്റെ സ്നേഹവും കരുണയും ആളുകൾ സ്വീകരിക്കേണ്ടതിനാണ് ദൈവം അത്തരത്തിൽ പെരുമാറു

ന്നത്. ദൈവസ്നേഹം ചിലപ്പോൾ പ്രയാസമുള്ളതായിരിക്കും, പക്ഷെ അതു തന്റെ ജനത്തിന്റെ നന്മക്കാണ്. നമ്മുടെ ജീവിതത്തിന്റെ ശരിയായ ഉദ്ദേശം നിറവേറ്റുവാൻ അവന്റെ സ്നേഹം എങ്ങനെ കാണിക്കണമെന്ന് അവന് നന്നായി അറിയാം. മാതാപിതാക്കളുടെ സ്നേഹം പോലെ, അതു ചിലപ്പോൾ അവനും അവന്റെ ജനത്തിനും വേദനയുാക്കുന്നതായിരിക്കും. വെറുതെ ദുഃഖമുാക്കുക എന്നതല്ല അവന്റെ ഉദ്ദേശം.

ഞാൻ ഒരു യുവാവായിരുന്നപ്പോൾ, അമ്മ എന്നെ ശിക്ഷിച്ചുകൊ് പറയും, "അതു നിന്നെ വേദനിപ്പിക്കുന്നതിനേക്കാൾ എന്നെയാണ് കൂടുതൽ വേദനിപ്പിക്കുന്നത്". അത് ഞാൻ ഒരു പിതാവായി, എന്റെ മക്കളെ ശിക്ഷണം നടത്തുന്നതുവരെ എനിക്ക് മനസിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. ആ അനുഭവം ദൈവസ്നേഹത്തിന്റെ അച്ചടക്കം മനസിലാക്കുവാൻ എന്നെ സഹായിച്ചു.

*അവൻ "ഭൂമിയിലുള്ള സകലബദ്ധന്മാരെയും തന്റെ കാൽകീഴിലിട്ട് മെതിക്കുകയില്ല" (വാ.34).* അക്കാലത്ത് തടവുകാരായി പിടിക്കുന്നവരെ എതിർസൈന്യം ചെയ്തിരുന്നതിനെയാണ് ആ പ്രയോഗം സൂചിപ്പിക്കുന്നത്. യെഹൂദ്യരോട് ബാബേൽ ക്രൂരമായി പെരുമാറിയതായിരിക്കാം യിരെമ്യാവിന്റെ മനസിലുായിരുന്നത്. തന്റെ ജനത്തെ അച്ചടക്കം പഠിപ്പിക്കുവാൻ ദൈവം ബാബേലിനെ അനുവദിച്ചു എന്നതു വാസ്തവമാണ്, പക്ഷെ അവരുടെ അക്രമങ്ങൾ ദൈവത്തിന്റേതായിരുന്നില്ല. ആ ശത്രുസൈന്യം ആ തടവുകാരോട് ചെയ്തതുപോലെ ദൈവത്തിനു വിധിക്കുവാൻ സാധ്യമല്ല.

*അവൻ "മനുഷ്യന്റെ ന്യായം മറിച്ചുകളയുകയില്ല" (വാ.35).* എല്ലാവരേയും ന്യായമായ വിചാരണ നടത്തുന്ന ഒരു നീതിന്യായ പീഠത്തെ ആണ് "അത്യുന്നതന്റെ സന്നിധി" വ്യക്തമാക്കുന്നത്. ഗവൺമെന്റധികാരികളുടെ അഴിമതി നിമിത്തം സാധാരണ ആളുകളുടെ ന്യായം മറിച്ചുകളയുകയാണ്. ചിലപ്പോൾ യെഹൂദ്യാ ഗവൺമെന്റും അത്തരത്തിലുള്ള കുറ്റക്കാരായിരുന്നു. അതായിരുന്നില്ല ദൈവത്തിന്റെ രീതി. പരമോന്നതകോടതിയിൽ ആരുടേയും കാര്യം വിചാരണ ചെയ്യാതിരിക്കുകയില്ല. സത്യത്തോടും നീതിയോടും കൂടെ, ആരുടേയും ന്യായം മറിച്ചുകളയാതെ ആയിരിക്കും അവൻ നീതി നടപ്പാക്കുന്നത്.

### ആളുകൾ എങ്ങനെയാണ് ദൈവത്തോട് പ്രതികരിക്കേത്

മാതൃകയായി, പ്രയാസവും, നിരാശയും വരുമ്പോൾ ആളുകൾ പ്രതികരിക്കുന്നത്, ദൈവത്തോട് പരിഭവിക്കയോ അല്ലെങ്കിൽ ശത്രുത പുലർത്തുകയോ ചെയ്യും. എങ്ങനെയായാലും, യിരെമ്യാവും ആദ്യം, അങ്ങനെയാണ് ചെയ്തത്, ദൈവസ്വഭാവത്തെ ധ്യാനിക്കുന്നത് എങ്ങനെ പ്രത്യാശ ജ്വലിപ്പിക്കുമെന്ന് അദ്ധ്യായം 3 വ്യക്തമാക്കുന്നു.

> "അതുകൊ് ഞാൻ അവനിൽ പ്രത്യാശ വെക്കുന്നു." തന്നെ കാത്തിരിക്കുന്നവർക്കും തന്നെ അന്വേഷിക്കുന്നവർക്കും യഹോവ നല്ലവൻ. യഹോവയുടെ രക്ഷക്കായി മിാതെ കാത്തിരിക്കുന്നത് നല്ലത്. ബാല്യത്തിൽ നുകം ചുമക്കുന്നത് ഒരു പുരുഷന്ന് നല്ലത്. അവൻ അത് അവന്റെ മേൽ വെച്ചിരിക്കകൊ്, അവൻ തനിച്ച് മൗനമായിരിക്കട്ടെ; അവൻ തന്റെ മുഖത്തെ പൊടിയോളം താഴ്ത്തട്ടെ. പക്ഷെ പ്രത്യാശ ശേഷിക്കും. തന്നെ അടിക്കുന്നവന്ന് അവൻ തന്റെ കവിൾ കാണിക്കട്ടെ; അവൻ വേുവോളം നിന്ദ അനുഭവിക്കട്ടെ (3:24-30).

വിഷമങ്ങൾ വരുമ്പോൾ, ദൈവജനം എങ്ങനെ പ്രതികരിക്കണമെന്ന് യിരെമ്യാവ് തന്നെയും ദൈവസ്വഭാവമുള്ള ജനത്തെയും ഓർപ്പിച്ചുകൊ് പറയുന്നു.

*"അവനിൽ പ്രത്യാശയു്" (വാ. 24).* യിരെമ്യാവിന്റെ വിലാപങ്ങൾക്കടിയിൽ ഒരു പ്രത്യാശാസന്ദേശമു്. "യഹോവയിൽ ആശ്രയം വെക്കുന്ന ... മനുഷ്യൻ ഭാഗ്യവാൻ" (യിരെമ്യാവ് 17:7). ഒരു സ്ഥലത്ത്, അവൻ പ്രത്യാശയും രക്ഷകനുമാണ് യഹോവ എന്നു പറയുന്നു് (യിരെമ്യാവ് 14:7, 8). തീർച്ചയായും, നമുക്ക് അറിയില്ല, എന്നാൽ യിരെമ്യാവിന് സങ്കീർത്തനങ്ങൾ ഉായിരുന്നു എന്നും അതിൽനിന്നും അവനു ശക്തി സംഭരിക്കുവാൻ കഴിഞ്ഞു എന്നും ചിന്തിക്കുവാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. അവന്റെ ചില പ്രയോഗങ്ങൾ സങ്കീർത്തനങ്ങളിലേതു തന്നെയാണോ എന്നു നമുക്ക് അറിയില്ല: "തന്റെ ദൈവമായ യഹോവയിൽ പ്രത്യാശയുള്ളവൻ ഭാഗ്യവാൻ" (സങ്കീർത്തനങ്ങൾ 146:5); "... അവർ തങ്ങളുടെ ആശ്രയം ദൈവത്തിൽ വെക്കുകയും, ദൈവത്തിന്റെ പ്രവൃത്തികളെ മറന്നുകളയാതെ അവന്റെ കല്പനകളെ പ്രമാണിച്ചു നടക്കയും വേണം" (സങ്കീർത്തനങ്ങൾ 78:7).

ക്രിസ്തുവിനെ "മഹത്വത്തിന്റെ പ്രത്യാശ" എന്നു പറഞ്ഞുകൊ് പുതിയനിയമത്തിൽ പ്രത്യാശയുടെ സന്ദേശം വളരെ വ്യക്തമാക്കിയിട്ടു് (കൊലൊസ്യർ 1:27). ക്രിസ്തുവിൽ നമുക്ക് ഉള്ള പ്രത്യാശയെ കുറിച്ച് വേറെയും വേദഭാഗങ്ങൾ ഊന്നി പറയുന്നു്:

> നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിന്നു സ്തോത്രം. അവൻ മരിച്ചവരുടെ ഇടയിൽനിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശക്കായി കാക്കുന്നു (1 പത്രൊസ് 1:3).

> വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോട് സമാധാനം ു്, നാം നിൽക്കുന്ന ഈ കൃപയിലേക്ക് നമുക്ക് അവന്മൂലം, പ്രവേശനവും ലഭിച്ചിരിക്കുന്നു. നാം ദൈവതേജസിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു. അതു തന്നെ അല്ല, കഷ്ടത സഹിഷ്ണുതയേയും സഹുഷ്ണുത സിദ്ധതയേയും സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു എന്ന് അറിഞ്ഞ്, നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു; പ്രത്യാശെക്കോ ഭംഗം വരുന്നില്ല. ദൈവത്തിന്റെ സ്നേഹം നമുക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലൊ (റോമർ 5:1-5).

ക്രിസ്തുവാണ് നമ്മുടെ പ്രത്യാശ എന്ന് ഊന്നി പറഞ്ഞുകൊാണ് പൗലൊസ് തിമൊഥെയൊസിനുള്ള ഒന്നാം ലേഖനം തുടങ്ങുന്നത് (1 തിമൊഥെയൊസ് 1:1). നമ്മെ രക്ഷിപ്പാൻ കഴിവുള്ളതാണ് ആ പ്രത്യാശ (റോമർ 8:24). കപ്പലിന്ന് ഒരു നങ്കൂരം പോലെയാണ്, ആത്മാവിന് പ്രത്യാശ (എബ്രായർ 6:19). ക്രിസ്തു ക്രൂശിൽ തറെക്കപ്പെട്ടതിനാൽ നമുക്ക് പ്രത്യാശ ഉറപ്പിക്കുകയും നിലനിർത്തുകയും ചെയ്തിരിക്കുന്നു. "അതുകൊ് എനിക്ക് അവനിൽ പ്രത്യാശയു്" (വിലാപങ്ങൾ 3:24).

*"യഹോവയുടെ രക്ഷക്കായി മിാതെ കാത്തിരിക്കുന്നത് നല്ലത്" (വാ.26).* ഒരു മനുഷ്യൻ തെറ്റുചെയ്തിട്ടു ശിക്ഷ അനുഭവിക്കുകയാണെങ്കിൽ, ഏറ്റവും

നല്ലത് മിാതെ സ്വീകരിക്കുക എന്നതാണ് (വാ.27, 28). പാപിയുടെമേൽ പാപത്തിന്റെ അനന്തരഫലങ്ങൾ വരുവാൻ ദൈവം അനുവദിക്കുമ്പോൾ, അതു നീതിയാണെന്ന് കരുതുക. രക്ഷിപ്പാൻ കഴിവുള്ള ദൈവം അതിന്റെ ഭാരവും ഏറ്റെടുക്കും. ജീവിതത്തിലെ പ്രാരംഭകഷ്ടതകളിൽനിന്ന് ഒരാൾ പഠിക്കുകയാണെങ്കിൽ, അത് അയാൾക്ക് പ്രയോജനം ചെയ്യും. താൻ കരസ്ഥമാക്കിയ ജ്ഞാനം പിന്നീടുള്ള അവന്റെ ജീവിതത്തിൽ അവനെ സഹായിക്കും.

വ്യക്തിപരമായ അനുഭവത്തിൽനിന്ന് യിരെമ്യാവിന് സംസാരിക്കുവാൻ കഴിഞ്ഞു. ദൈവം അവനെ ചെറുപ്പത്തിൽ തന്നെ തന്റെ വക്താവായി നിയമിച്ചിരുന്നു. ദേശത്ത് ശേഷമുള്ളവരെ പോലെ അവനും കഷ്ടതയേറ്റു. അവൻ മിാതെ ദൈവത്തിൽ ആശ്രയിച്ചതുകൊ് അവൻ നിലനിന്നു. തന്റെ സ്വന്ത അനുഭവത്തിൽനിന്നാണ് കഷ്ടതയേൽക്കുന്ന മറ്റുള്ളവർക്ക് ഉപദേശം കൊടുത്തത്.

*"അവൻ തന്റെ മുഖത്തെ പൊടിയോളം താഴ്ത്തട്ടെ" (വാ.29).* യിരെമ്യാവ് പറയുന്നതിന്റെ ഒരു ചിത്രം ഈ വാക്യത്തിൽനിന്നു നമുക്ക് ലഭിക്കും. ഒരാൾ തന്റെ മുഖം പൊടിയോളം കുനിയിക്കുമ്പോൾ, അവൻ ദൈവസന്നിധിയിൽ തന്നെത്താൻ താഴ്ത്തുകയാണ്. എന്നാൽ അത്യുന്നതന്റെ അടുക്കൽ ധിക്കാരത്തോടെ നിൽക്കുന്നവന്റെ വേദന കൂടുകയേ ചെയ്യു. യെഹൂദ്യ കഷ്ടത ഏൽക്കേിവന്നത് ദൈവത്തിനെതിരായി മൽസരിച്ചതിന്റെ ഫലമായിട്ടായിരുന്നു. ആ വിശപ്പിനുള്ള ഏക ആശ്വാസം അൽപം മണ്ണ് കഴിക്കുകയായിരുന്നു.

*"അടിക്കുന്നവന് അവൻ കവിൾ കാണിക്കട്ടെ" (വാ.30).* യോഗ്യമായ ശിക്ഷ വാങ്ങുവാനായിരുന്നു യിരെമ്യാവ് ഉപദേശിച്ചത്. യേശു പറഞ്ഞു, "ദുഷ്ടനോട് എതിർക്കരുത്, നിന്നെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവന്ന് ഇടത്തേതും തിരിച്ച് കാണിക്ക" (മത്തായി 5:39). അടിക്കുന്നവൻ എന്ന് അവിടെ പറഞ്ഞിരിക്കുന്നത്, ഒരുപക്ഷെ ദൈവം തന്നെയാകാം, അല്ലെങ്കിൽ യെഹൂദ്യയുടെ ശ്രദ്ധ ക്ഷണിക്കുവാൻ ദൈവത്തിന്റെ ഉപകരണമായ ബാബേൽ ആകാം. ദുഷ്ടനായ ഒരു മനുഷ്യന്റെ അടി പോലും എതിർക്കരുതെന്നാണ് യേശു ക്രിസ്ത്യാനികളോട് പറയുന്നത്. അന്യായമായ ശിക്ഷ നാം പ്രകോപനം കൂടാതെ ശാന്തമായി സ്വീകരിക്കണം. കാരണം അന്യായമായി യേശു സഹിച്ച ശിക്ഷയാണ് നമ്മെ വീടെടുക്കുവാനിടയായത്. നമുക്കുള്ള ശിക്ഷ നമ്മുടെ രക്ഷിതാവ് യാതൊരു പ്രകോപനവും കൂടാതെ ആണ് സ്വീകരിച്ചത്. ദൈവം നമുക്ക് വേി പ്രതികാരം ചെയ്യാമെന്ന് പറഞ്ഞിരിക്കകൊ് നാം പ്രതികാരം വീട്ടേ കാര്യമില്ല (റോമർ 12:19, 20).

അന്യായമായി അടിക്കുന്നവന്നു നാം കവിൾ തിരിച്ച് കാണിച്ചുകൊടുക്കേവരാകുമ്പോൾ, തിരുത്തൽ നടത്തുവാൻ കഴിവുള്ളവന്റെ യോഗ്യമായ "അടി" നാം എത്ര അധികം സ്വീകരിക്കേവരാണ്?

---

**സന്ദേശം എന്താണ്?**

"ആരാണ് നിയന്ത്രിക്കുന്നത്?" എന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ പ്രശ്നം. നമ്മുടെ ജീവിതത്തെ നയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അഹംഭാവമുള്ളവരാണ് നാം. ചിലപ്പോൾ, നാം ആഗ്രഹിക്കുന്നതുപോലെ മറ്റുള്ളവരും പെരുമാറുവാൻ ശഠിക്കും. മറ്റുള്ളവരെയും സാഹചര്യങ്ങളെയും നിയന്ത്രിക്കുന്നതിൽ നാം ആശ്വാസം കത്തെുകയാണ്; എല്ലാവരും എല്ലാം മുൻനിശ്ചയിച്ചവണ്ണവും, മുന്നറിയിക്കാവുന്ന രീതിയിലും പ്രവർത്തിക്കണമെ

ന്നാണ് നാം ആഗ്രഹിക്കുന്നത്. മുൻനിശ്ചയിച്ചവണ്ണവും മുന്നറിയിക്കാവുന്ന വിധത്തിലുമാകുവാൻ കാരണം ആരാണ്? നാം ഭരിക്കപ്പെടുവാനല്ല, ഭരിക്കുവാനാണ് ആഗ്രഹിക്കുന്നത്.

ഇത് നാം യിരെമ്യാവിൽനിന്നു പഠിക്കണം: ഒരുകാര്യവും ഒരു വ്യക്തിയെയും നിയന്ത്രിക്കുന്നില്ല. അവൻ പറഞ്ഞു,

> കർത്താവ് കൽപിക്കാതെ ആർ പറഞ്ഞിട്ടാകുന്നു വല്ലതും സംഭവിക്കുന്നത്? അത്യുന്നതന്റെ വായിൽനിന്ന് നന്മയും തിന്മയും പുറപ്പെടുന്നില്ലയോ? മനുഷ്യൻ ജീവനുള്ളന്നു നെടുവീർപ്പിടുന്നതെന്ത്? ഓരോരുത്തൻ താന്താന്റെ പാപങ്ങളെ കുറിച്ചു നെടുവീർപ്പിടട്ടെ (3:37-39).

യെഹൂദ്യയെ വാണിരുന്നതു ബാബേലായിരുന്നുവെങ്കിലും, അവൻ ഒന്നും നിയന്ത്രിച്ചില്ല. യഥാർത്ഥത്തിൽ വാഴുന്നതു ദൈവമാണെന്ന് തിരിച്ചറിഞ്ഞത് യിരെമ്യാവും കുറെപേരും മാത്രമായിരുന്നു. പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവും നിലനിർത്തുന്നവനുമാണ് എല്ലാം നിയന്ത്രിക്കുന്നത്. ജീവിതത്തെ നിയന്ത്രിക്കുവാൻ തങ്ങൾക്ക് കഴിയുമെന്ന വ്യാമോഹമാണ് ആളുകൾക്കുള്ളത്. യിരെമ്യാവിന്റെ ചോദ്യങ്ങളുടെ സഹായത്തോടുകൂടി, മനുഷ്യർക്ക് ആർക്കും ദൈവവഴികളെ ഒന്നും നിയന്ത്രിക്കുവാൻ കഴിയുകയില്ല എന്നതിന് മൂന്നു കാരണങ്ങൾ, നമുക്ക് പരിശോധിക്കാം.

ആദ്യമായി, ദൈവം സന്ദേശം നൽകിയില്ലെങ്കിൽ, മനുഷ്യന്റെ വാക്കുകൾ നിശ്ചയമില്ലാത്തതാണ്. വാക്യം 37 ൽ, യിരെമ്യാവ് ചോദിച്ചു, “കർത്താവ് കൽപിക്കാതെ ആർ പറഞ്ഞിട്ടാകുന്നു വല്ലതും സംഭവിക്കുന്നത്?” ദൈവത്തെ കൂടാതെ മനുഷ്യൻ അജ്ഞനും വഴിതെറ്റുന്നവനുമാണ്. “എന്തെങ്കിലും അറിയാമെന്ന് ആർക്കെങ്കിലും തോന്നുന്നുങ്കിൽ, അവൻ അറിയേണ്ടതുപോലെ ഒന്നും അറിഞ്ഞിട്ടില്ല” (1 കൊരിന്ത്യർ 8:2; 1 തിമൊഥെയൊസ് 6:3, 4 നോക്കുക). ദൈവത്തിൽനിന്നു വരുന്നത് മാത്രമാണ് തീർച്ചയുള്ള വാക്ക്.

രാമതായി, പ്രവാചകൻ ചോദിച്ചു, “അത്യുന്നതന്റെ വായിൽനിന്നല്ലേ നന്മയും തിന്മയും പുറപ്പെടുന്നത്?” (വാ.38). താൻ ചെയ്യുന്നത് ദൈവത്തിനു മാത്രം അറിയാവുന്ന കാര്യമാണ്. അവന്റെ ഉദ്ദേശം തികവുള്ളതും ചോദ്യം ചെയ്യുവാനാകാത്തതുമാണ്. ഈ സത്യം ഇയ്യോബ് മറ്റൊരു വിധത്തിൽ പ്രകടിപ്പിച്ചിട്ട്: “യഹോവ തന്നു യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ” (ഇയ്യൊബ് 1:21). ദൈവം തികച്ചും പരമോന്നതനാണ്. അവൻ ദൈവമാണ്; അവൻ എന്തു ചെയ്താലും അതെന്തുകൊാണെന്ന് പറയേ ആവശ്യമില്ല. നാം മലയിടിക്കുന്നത് തോട്ടമുാക്കുവാനാണെന്ന് ഉറുമ്പിനോട് വിശദമാക്കേ എന്നതിനേക്കാളുപരി ദൈവത്തിന് ഉത്തരം പറയേ ഒരു ബാദ്ധ്യതയുമില്ല. നാം വിശദീകരിക്കുവാൻ ശ്രമിച്ചാലും, ഉറുമ്പിന് അത് മനസിലാകുകയില്ല. ആ ഉറുമ്പിനേക്കാൾ വലുതാണ് നമ്മുടെ ഉദ്ദേശങ്ങൾ. ദൈവപദ്ധതികൾ നമ്മുടേതിൽനിന്നുപരിയാണെന്നു മാത്രമല്ല, അവന്റെ ഉദ്ദേശങ്ങൾ നീതിയുമാണ്. നമുക്ക് മോശമായി തോന്നുന്ന ഒരു കാറ്റ് അനുഗ്രഹമായിതീർന്നേക്കാം. ദൈവത്തിന്റെ വായിൽനിന്നു വരുന്ന ഒരു കാറ്റ്, അവന്റെ വായിൽനിന്നു പുറപ്പെടുന്ന ഒരു വാക്കുപോലെ, അതു പരുഷമായും വേദനിപ്പിക്കുന്നതായും തോന്നിയേക്കാമെങ്കിലും, ദൈവം എപ്പോഴും നമ്മുടെ നന്മക്കാണ് പ്രവർത്തിക്കുന്നത്. എന്തുകൊ് എന്ന് ചോദിക്കുന്നതല്ല നമ്മുടെ

സ്ഥാനം; അവൻ ചെയ്യുന്നത് അറിയുകയും അവന്റെ ഉദ്ദേശത്തിന് കീഴ്പ്പെടുകയും ചെയ്യുക എന്നതാണ് നമ്മുടെ ജോലി.

വാക്യം 39-ൽ നാം മൂന്നാമത്തെ ചോദ്യം കാണുന്നു: "മനുഷ്യൻ ജീവനുള്ളന്ന് നെടുവീർപ്പിടുന്നതെന്ത്?" നമുക്ക് പരാതിപ്പെടുവാൻ അവകാശമില്ല, പ്രത്യേകിച്ച് നമ്മുടെ തെറ്റുകൾക്ക് യോജിച്ചതാണ് കിട്ടുന്നതെങ്കിൽ. രായാലും, ഒരു സാഹചര്യത്തെ മാറ്റുവാൻ നമുക്ക് കഴിയുകയില്ല. നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നതിന് ദൈവം സ്നേഹത്തോടെ ചെയ്യുന്ന കാര്യത്തിന്, നാം പരാതിപ്പെടുന്നതിന് പകരം നന്ദി ചെലുത്തുകയാണ് വേത്. തർസൊസ്കാരനായ ശൗലിന് ആത്മീയ കാഴ്ച്ച ലഭിക്കേിന് അവനു ശാരീരിക അന്ധത വരുത്തി (പ്രവൃത്തികൾ 9:1-19). ഫിലിപ്പിയയിലെ കാരാഗൃഹപ്രമാണിക്ക് അവന്റെ ആത്മാവിന്-കുലുക്കം സംഭവിക്കേിന് ഭൂമികുലുക്കം വേിവന്നു (പ്രവൃത്തികൾ 16:25-34).

അവന്റെ ഉദ്ദേശത്തിനായി നിങ്ങളെ ദൈവത്തിന് ഏൽപിക്കുവാൻ നിങ്ങൾ തയ്യാറാണോ? "ദൈവമേ, നിന്റെ എന്തുദ്ദേശത്തിനായാലും, എന്നെ അങ്ങയുടെ ഉദ്ദേശത്തിനായി ഉപയോഗിക്കേണമേ," എന്ന് പ്രാർത്ഥിക്കുവാൻ നിങ്ങൾക്ക് കഴിയുമോ? തന്റെ പ്രവൃത്തിക്കായി ദൈവം നിങ്ങളെ എങ്ങനെയെല്ലാം ഉപയോഗിക്കുമെന്ന് നിങ്ങൾക്ക് ഊഹിക്കുവാൻ പോലും കഴിയുകയില്ല. നിങ്ങൾ ആ പ്രാർത്ഥന പ്രാർത്ഥിക്കുമെങ്കിൽ, മുൻപെ നിങ്ങൾക്ക് വേദനയും, പീക്ഷണവും, ഹൃദയവേദനയുമുായേക്കാമെന്ന് പറയട്ടെ. തീർച്ചയായും അനുഗ്രഹവും നിങ്ങൾക്ക് പുറകെ ഉാകും എന്തു സംഭവിച്ചാലും, അതെല്ലാം നിങ്ങളുടെ നന്മക്കും ദൈവത്തിന്റെ ഉദ്ദേശനിവർത്തിക്കുമായിരിക്കും. അത് മോശമാകുകയില്ല.

നിങ്ങളുടെ ഇഷ്ടത്തെ മാറ്റി ദൈവത്തിന്റെ ഇഷ്ടമാക്കുക മാത്രമാണ് നിങ്ങൾ നിയന്ത്രിക്കപ്പെടുവാനുള്ള ഏകവഴി. ദൈവം വാസ്തവത്തിൽ നല്ലവനാണെന്ന് നിങ്ങൾ കത്തെും.

---

കുറിപ്പുകൾ

[1]ജെയിംസ് ഈ. സ്മിത്ത്, ജെരമ്യാ ആന്റ് ലെമന്റേഷൻസ്, ബൈബിൾ സ്റ്റഡി ടെക്സ്റ്റ്ബുക്ക് സീരീസ് (ജോപ്ലിൻ, മോ.: കോളേജ് പ്രസ്, 1974), 884. [2]അമീ ബെസയർ, "ദ സ്റ്റെഡ്ഫാസ്റ്റ് ലവ് ഓഫ് ദ ലോഡ്," *പ്രെയിസ് ഫോർ ദ ലോഡ് എഡി.* ജോൺ പി. വേഗന്റ് (നാഷിലേ.: പ്രെയിസ് പ്രസ്, 1992), 892. [3]ആന്റണി ലീ ആഷ്, *ജെരമ്യാ ആന്റ് ലെമന്റേഷൻസ്,* ദ ലിവിങ്ങ് വേഡ് കമെന്ററി, എഡി. ജോൺ റ്റി. വില്ലിസ് (അബിലീൻ, ടെക്സ്.: എസിയു പ്രസ്, 1987), 356.